**"Mobile Phones and such I.T. Gadgets are banned in the Campus of Examination Halls"**

**"Candidates without Identity Card will not be allowed to Appear for the Test**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. പരീക്ഷാ ഹാളിൽ നിശ്ശബ്ദത പാലിക്കേണ്ടതാണ്.
2. ഐഡന്റിറ്റി അഡ്മിഷൻ ടിക്കറ്റ് എന്നിവയുടെ പരിശോധനകൾക്കായി ഉദ്യോഗാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിനു അര മണിക്കൂർ മുമ്പ് പരീക്ഷാ കേന്ദ്രത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ഇരിപ്പിടത്ത് ഹാജരാകേണ്ടതാണ്.
3. പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷാ ഹാളിൽ കടക്കുന്നതിന് അനുവദിക്കുന്നതല്ല.
4. പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ പരീക്ഷ തീരുന്നതുവരെ ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷാ ഹാളിൽ നിന്നും പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
5. പരീക്ഷാഹാളിൽ അനുവദനീയമെന്ന് അഡ്മിഷൻ ടിക്കറ്റിനോടൊപ്പമുള്ള നിർദ്ദേശങ്ങളിൽ പരാമർശിച്ചിട്ടുള്ളവയൊഴികെ മറ്റൊരു ഉപകരണങ്ങളും പരീക്ഷാഹാളിൽ കൊണ്ടുവരാനോ ഉപയോഗിക്കാനോ പാടില്ല.
6. മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി തുടങ്ങിയ യാതൊരുവിധ ഇലക്ട്രോണിക് / വാർത്താവിനിമയ ഉപകരണങ്ങളും പരീക്ഷാ കാംപസിൽ കൊണ്ടുവരാൻ പാടില്ല.
7. മൊബൈൽ ഫോൾ ഉൾപ്പെടെ പരീക്ഷാഹാളിൽ നിരോധിച്ചിട്ടുള്ള ഉപകരണങ്ങൾ, പരീക്ഷാഹാളിന് പുറത്തു സുരക്ഷിതമായി സൂക്ഷിക്കുമെന്ന് ഉറപ്പു നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, ഇത്തരം ഉപകരണങ്ങളുമായി പരീക്ഷാകേന്ദ്രത്തിൽ പ്രവേശിക്കരുതെന്ന് താൽപര്യപ്പെടുന്നു. ഏതെങ്കിലും പ്രയാസം നേരിടുകയാണെങ്കിൽ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ സഹായം ആവശ്യപ്പെടാവുന്നതാണ്.
8. അഡ്മിഷൻ ടിക്കറ്റ് നമ്പറുകളുടെ ക്രമമനുസരിച്ചാണ് പരീക്ഷാ ഹാളുകൾ നിശ്ചയിച്ചിട്ടുള്ളത്. നിങ്ങളുടെ നമ്പർ ഏതു ഹാളിലാണെന്ന് വ്യക്തമായി മനസ്സിലാക്കിയശേഷം ഹാളുകളിലേക്ക് പ്രവേശിക്കണം.
9. ഉദ്യോഗാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്. (1) ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്, (2) ഡ്രൈവിംഗ് ലൈസൻസ്, (3) പാസ്പോർട്ട്, (4) വികലാംഗർക്ക് സാമൂഹ്യനീതി വകുപ്പ് നൽകിയ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് / കാർഡ്, (5) ദേശസാൽകൃതബാങ്ക് നൽകിയ ഫോട്ടോ പതിച്ച പാസ്സ് ബുക്ക്, സർക്കാർ ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന വകുപ്പ് / സ്ഥാപനം നൽകിയ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, (6) പാൻ കാർഡ്, (7) സർക്കാർ ജീവനക്കാർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ്, (8) വിമുക്തഭടന്മാർക്ക് സൈനിക വെൽഫെയർ ആഫീസർ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, (9) മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്, (10) സംസ്ഥാന / ജില്ലാ സഹകരണ ബാങ്ക് / ഷെഡ്യൂൾഡ് ബാങ്ക് എന്നിവ നൽകുന്ന ഫോട്ടോ പതിച്ച് പാസ്സ്ബുക്ക്, (11) പൊതുമേഖല സ്ഥാപനങ്ങൾ (വിവിധ കമ്പനികൾ/കോർപ്പറേഷനുകൾ / ബോർഡുകൾ / അതോറിറ്റികൾ) സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ അവരുടെ ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, (12) കേരളത്തിലെ സർവ്വകലാശാലകൾ അവരുടെ ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, (13) വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡുകൾ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, (14) അഡ്വക്കേറ്റുമാരായി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, (15) കേന്ദ്ര സർക്കാർ നൽകുന്ന ആധാർ കാർഡ്, (16) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചു നൽകുന്ന ഏതെങ്കിലും തിരിച്ചറിയൽ രേഖ എന്നിവ സ്വീകരിക്കുന്നതാണ്. തിരിച്ചറിയൽ രേഖ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.
10. ഉദ്യോഗാർത്ഥിയുടെ പേര്, മേൽവിലാസം, അഡ്മിഷൻ ടിക്കറ്റ് നമ്പർ മുതലായ വിവരങ്ങൾ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിശ്ചിത സ്ഥലത്ത് എഴുതേണ്ടതും 6 മാസത്തിനകം എടുത്തതും താഴെപ്പറയുന്ന രീതിയിലുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോ (Colour/Black & White) പതിപ്പിക്കേണ്ടതുമാണ്.

ഫോട്ടോ ഇളം നിറത്തിലുള്ള പശ്ചാത്തലത്തോടുകൂടിയതും, മുഖം പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കേണ്ടതും തോൾഭാഗവും കണ്ണുകളും വ്യക്തമായി കാണത്തക്ക വിധത്തിലുള്ളതും 4.5 സെ.മീ. x 3.5 സെ.മീ. അളവിലുള്ളതുമായിരിക്കണം.

പാസ്പോർട്ട് സൈസിലല്ലാത്തതും മുഖം വ്യക്തമല്ലാത്തതും മുഖത്തിന്റെ ഒരുവശം മാത്രം കാണത്തക്കവിധത്തിലുള്ളതുമായ ഫോട്ടോകൾ Identification Certificate-ൽ പതിക്കുവാൻ പാടില്ല.

നിശ്ചിത അളവിലും മാതൃകയിലുമല്ലാത്ത ഫോട്ടോ പതിച്ച ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെയും, ഫോട്ടോ പതിക്കാത്ത ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെയും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

11. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോയിലും പേപ്പറിലും പതിയത്തക്കവിധവും സാക്ഷ്യപത്രത്തിന് താഴെയും ഉദ്യോഗാർത്ഥി അസിസ്റ്റന്റ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പരീക്ഷാഹാളിൽ നൽകുന്ന അഡ്രസ്സ് ലിസ്റ്റിൽ തന്റെ പേരിനു നേരെയും ഉദ്യോഗാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

12. ഉദ്യോഗാർത്ഥികൾ ഒ.എം.ആർ. ഉത്തരക്കടലാസ്സിന്റെ പാർട്ട് എ-യിൽ രജിസ്റ്റർ നമ്പർ, ജനനതീയതി എന്നിവ നിശ്ചിതസ്ഥലത്ത് എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. പരീക്ഷയുടെ പേര്, പരീക്ഷാ തീയതി എന്നിവയും ഇതിനായി അനുവദിച്ച സ്ഥലത്ത് രേഖപ്പെടുത്തേണ്ടതാണ്. പാർട്ട് ബി-യിൽ ചോദ്യപുസ്തക കോഡിന്റെ കുമിള കറുപ്പിക്കുകയും ചെയ്യണം. തന്നിരിക്കുന്ന ചോദ്യപുസ്തക അക്ഷരകോഡ് തന്നെയാണ് ഉത്തരക്കടലാസിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടത് പാർട്ട് ബി-യിലാണ്. ഓരോ ചോദ്യത്തിന്റെയും ശരി ഉത്തരത്തിനുള്ള കുമിള മാത്രം പൂർണ്ണമായി കറുപ്പിക്കുക. ഉത്തരക്കടലാസിൽ മറ്റ് എവിടെയും യാതൊന്നും രേഖപ്പെടുത്തുവാൻ പാടില്ല.

13. പേന ഇറേസർ തുടങ്ങിയവ മററു ഉദ്യോഗാർത്ഥികളിൽ നിന്നും ആവശ്യപ്പെടുക, മറ്റുള്ളവർക്ക് നൽകുക ഇവ അനുവദനീയമല്ല.

14. ഉത്തരക്കടലാസ്സിൽ കുമിളകൾ അടയാളപ്പെടുത്തുവാൻ നീല / കറുപ്പ് മഷിയുള്ള ബോൾ പോയിന്റ് പേന മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. നിശ്ചിത കുമിളകളിലല്ലാതെ അടയാളപ്പെടുത്തുന്ന ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല.

15. അച്ചടിയിലേയോ / നിർമ്മാണത്തിലേയോ പിശകുമൂലമല്ലാതെ വേറെ യാതൊരു കാരണവശാലും ഒ.എം.ആർ. ഉത്തരക്കടലാസ് / ചോദ്യപുസ്തകം മാറ്റി നൽകുന്നതല്ല.

16. ഉദ്യോഗാർത്ഥികൾ ഒ.എം.ആർ. ചോദ്യപുസ്തകത്തിലെ സീരിയൽ നമ്പർ, അഡ്രസ്സ് ലിസ്റ്റിൽ ഒപ്പിടുന്ന സമയത്ത് രേഖപ്പെടുത്തേണ്ടതാണ്.

17. അപര്യാപ്തമായ കാഴ്ചശക്തിയുള്ള ഉദ്യോഗാർത്ഥികൾക്ക് ദേവസ്വം ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ മാത്രം സ്ക്രൈബിന്റെ സേവനം ചീഫ് സൂപ്രണ്ട് അനുവദിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ സ്വന്തം സ്ക്രൈബിനെ കൊണ്ടുവരാൻ അനുവദിക്കുന്നതല്ല.

18. മറ്റ് ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസിൽ നിന്നും ഉത്തരങ്ങൾ പകർത്തുകയോ, സ്വന്തം ഉത്തരക്കടലാസിലെ ഉത്തരം മറ്റ് ഉദ്യോഗാർത്ഥികൾ പകർത്തുന്നത് അനുവദിക്കുകയോ ചെയ്യാൻ പാടില്ല.

19. പരീക്ഷ തുടങ്ങുമ്പോഴും പകുതി സമയം പൂർത്തിയാകുമ്പോഴും പരീക്ഷ അവസാനിക്കുന്നതിന് 5 മിനിട്ട് മുമ്പും (എഴുത്തു പരീക്ഷകൾക്കു മാത്രം) പരീക്ഷ അവസാനിക്കുമ്പോഴും ഒരു ബെൽ ശബ്ദം പുറപ്പെടുവിക്കുന്നതാണ്. അവസാന ബെൽ കേട്ടശേഷവും ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നത് അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്ന ഗുരുതരമായ കുറ്റമാണ്. എഴുത്തു പരീക്ഷകൾക്ക്, പരീക്ഷ അവസാനിക്കുന്നതിന് 5 മിനിട്ട് മുമ്പുള്ള ബെൽശബ്ദം കേട്ടാലുടൻ പ്രധാന ഉത്തരക്കടലാസ്സും, അഡിഷണൽ ഉത്തരക്കടലാസ്സുകളും ട്വൈൻ ഉപയോഗിച്ച് കൂട്ടിക്കെട്ടിയശേഷം മാത്രം തുടർന്ന് ഉത്തരമെഴുതേണ്ടതാണ്.

20. പരീക്ഷ കഴിഞ്ഞതിനുശേഷം ഉത്തരക്കടലാസിൽ പാർട്ട് എ-യും പാർട്ട് ബി-യും നിശ്ചിത ഭാഗത്തുകൂടി കീറി രണ്ട് ഭാഗങ്ങളും അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിച്ചതിനുശേഷം മാത്രമേ ഹാൾ വിട്ട് പുറത്തു പോകുവാൻ പാടുള്ളൂ. പരീക്ഷ കഴിയുന്നതിനു മുമ്പായി യാതൊരുകാരണവശാലും എ, ബി, പാർട്ടുകൾ വേർതിരിക്കുവാൻ പാടില്ല.

21. ഒ.എം.ആർ. ഉത്തരക്കടലാസിൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒന്നും രേഖപ്പെടുത്തുവാൻ പാടില്ല. ഉത്തരക്കടലാസിന്റെ എ, ബി, ഭാഗങ്ങൾ വേർപെടുത്തുന്നത് നിർദ്ദേശങ്ങൾക്കനുസരിച്ചും പരീക്ഷ അവസാനിച്ച ഉടനെയുമായിരിക്കണം.

22. പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ഹാളിൽ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ അനാശാസ്യ മാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുന്നതാണ്.

23. പുകവലി മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ പരീക്ഷാ ഹാളിൽ നിരോധിച്ചിരിക്കുന്നു.

24. പരീക്ഷാ ഹാളിൽ നൽകുന്ന നിർദ്ദേശങ്ങളും, ചോദ്യപുസ്തകത്തിലും, ഉത്തരക്കടലാസിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പാലിക്കാതിരിക്കുന്നത് അച്ചടക്കം നടപടികൾ ക്ഷണിച്ചു വരുത്തുന്ന കുറ്റകൃത്യമായി കണക്കാക്കുന്നതാണ്.

25. അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ലാത്തതിനാൽ അപേക്ഷകരെയെല്ലാം പരീക്ഷ എഴുതുവാൻ സോപാധികമായി അനുവദിച്ചിരിക്കുകയാണ്. വിശദമായ പരിശോധനയിൽ ന്യൂനതകൾ കാണുന്നപക്ഷം അത്തരം അപേക്ഷകൾ നിരസിക്കുന്നതാണ്.

26. ഏതെങ്കിലും കാരണവശാൽ പരീക്ഷ മാറ്റിവയ്ക്കുന്നപക്ഷം അക്കാര്യവും, പുതുക്കിയ പരീക്ഷാ തീയതിയും യഥാസമയം വിവിധ മാധ്യമങ്ങൾ മുഖേനയും കമ്മീഷന്റെ വെബ്സൈറ്റായ www.kdrb.kerala.gov.in / www.kdrb.in ലൂടെയും അറിയിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. പുതിയ പരീക്ഷാ തീയതിയിൽ ഉദ്യോഗാർത്ഥികൾ ഇതേ അഡ്മിഷൻ ടിക്കറ്റ് തന്നെ ഹാജരാക്കണം.

**പരീക്ഷാഹാളിൽ മൊബൈൽഫോൺ തുടങ്ങിയ വിവിധ ഇലക്ട്രോണിക് / വാർത്താവിനിമയ ഉപകരണങ്ങൾ നിരോധിച്ചിട്ടുള്ളതാണ്.**